# <u>വിദേശമദ്യവുമായി ഒരാൾ പിടിയിൽ</u>

പതിനാററ ലിറ്റർ ഇന്ത്യൻ നിർമ്മിത വിദേശമദ്യവുമായി ഒരാൾ പിടിയിൽ. കൊമ്പനാട് പുതുമന മേത്താനത്ത് വീട്ടിൽ സജീവ് (50) ആണ് കുറുപ്പംപടി പോലിസിൻറെ പിടിയിലായത്. വിൽപ്പനയ്ക്കായി കൊണ്ടുവന്ന മദ്യം പുതുമന കോളനിക്ക് സമീപം വച്ചാണ് പിടികൂടിയത്. സമാന കേസിന് ഇയാൾ ഇതിന് മുമ്പും ശിക്ഷ അനുഭവിച്ചിട്ടുണ്ട്. അനധികൃത മദ്യവിൽപ്പന തടയുന്നതിന് റൂറൽ ജില്ലാ പോലിസ് മേധാവി കെ. കാർത്തിക്കിൻറെ മേൽനോട്ടത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുണ്ട്. ഈ സംഘത്തിൻറെ അന്വേഷണത്തിലാണ് പ്രതി പിടിയാലാകുന്നത്. കുറുപ്പംപടി എസ്.എച്ച്.ഒ കെ.ആർ മനോജ്, എസ്.ഐ ജിജിൻ ചാക്കോ, എ.എസ്.ഐ അനിൽകുമാർ എസ്.സി.പി.ഒ മാരായ ബിനോയി, മനാഫ്, സി.പി.ഒ മാരായ ശശികുമാർ, മാഹിൻ.ഷാ എന്നിവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്. കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻറ് ചെയ്തു.